**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 882** **10-06-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപന നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എൻ.കെ. അക്ബർ | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപന നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | അധ്യാപന നിലവാരം ഉയർത്തുന്നതിന് അധ്യാപകർക്ക് വിവിധ തലത്തിലുള്ള പരിശീലനങ്ങൾ നടത്തിവരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി എന്തെല്ലാം പരിശീലന പരിപാടികളാണ് അദ്ധ്യാപകർക്കായി സംഘടിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (ബി) | എസ്.സി.ഇ.ആർ.ടി. യുടെ ആഭിമുഖ്യത്തിൽ 6 മാസം ദൈർഘ്യമുള്ള സമഗ്ര അധ്യാപകപരിവർത്തന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ സർട്ടിഫിക്കറ്റ് കോഴ്സിന്റെ ആദ്യ ബാച്ച് വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ഡിജിറ്റൽ ക്ളാസ്സുകൾ ഫലപ്രദമായി ഓൺലൈൻ സംവിധാന ത്തിലൂടെ വിനിമയം ചെയ്യുന്നതിന് അധ്യാപകരെ സാങ്കേതികമായി ശാക്തീകരിക്കുന്നതിനാവശ്യമായ പരിശീലനം നൽകുന്നതാണ്. സർവീസിൽ ആദ്യമായി പ്രവേശിക്കുന്ന അധ്യാപകർക്കായി ഇൻഡക്ഷൻ പരിശീലനവും നൽകുന്നതാണ്. സവിശേഷ വിദ്യാലയങ്ങളിലെ അധ്യാപകർക്കായി പരിശീലനപരിപാടികളും നടത്തിവരുന്നു. പ്രീസ്കൂൾ അധ്യാപകർക്കായി 'പ്രശിക്ഷാ' എന്ന പേരിൽ പരിശീലനപരിപാടിയും നടപ്പിലാക്കി വരുന്നു. അധ്യാപകർക്ക് വ്യക്തി ഗത ഗവേഷണം നടത്തുന്നതിനും സ്കൂൾതല അക്കാഡമിക പിൻതുണ നൽകുന്നതിനും അവസരം ഒരുക്കുന്നുണ്ട്. |
| (സി) | പഠന നിലവാരം ഉയർത്തുന്നതിൽ അദ്ധ്യാപകരും രക്ഷാകർത്താക്കളും തമ്മിലുള്ള ആശയവിനിമയം അത്യന്താപേക്ഷിതമായതിനാൽ സ്കൂളുകളിൽ അദ്ധ്യാപക-രക്ഷകർതൃ സംഘടനകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | അധ്യാപകരും രക്ഷകർത്താക്കളും തമ്മിലുള്ള ആശയവിനിമയം കൂടുതൽ ഫല പ്രദമാക്കുന്നതിന് ആവശ്യമായ പ്രവർത്തനപദ്ധതി തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ